ഖുത്ബ ●

വി.കെ അലി



# മതരാഷ്ട്രവാദം- പ്രചാരണം, യാഥാർഥ്യം

**മതരാഷ്ട്രവാദം** എന്നത് ഇന്ന് സർവത്ര കേട്ടുകൊണ്ടിരിക്കുന്ന ഒരു പ്രയോഗമാണ്. ഇത് ഏറെ മോശവും അനുവദിക്കാൻ പാടില്ലാത്തതുമാണെന്ന പൊതുബോധം വളർത്തപ്പെട്ടു കഴിഞ്ഞു. ആരെയെങ്കിലും ഇകഴ്ത്തണമെന്നുണ്ടെങ്കിൽ അവന്റെ മേൽ ഈ ആരോപണമുന്നയിച്ചാൽ മതി എന്ന അവസ്ഥയിലെത്തിയിരിക്കുന്നു കാര്യങ്ങൾ. ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ട ഈ പ്രയോഗം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്, മുസ്‌ലിം സമൂഹം ഇതിനോട് എന്ത് നിലപാട് സ്വീകരിക്കണം എന്ന ആലോചനകൾ ഏറെ പ്രസക്തമാണ്.

ഏതെങ്കിലും മതം, ജാതി, സമൂഹങ്ങളുടെ മേൽക്കോയ്മയും അധികാരവും മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കാനുള്ള പ്രവർത്തനങ്ങളാണ് മതരാഷ്ട്രവാദം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ അത് അപകടകരവും വർജ്യവുമാണ്. അത്തരമൊരു വാദം ബാലിശവും പ്രാചീനവും ആധുനിക ജനാധിപത്യ ലോകത്തിന് അന്യവുമാണ്. ഇത്തരം വംശീയവും ജാതീയവുമായ ആധിപത്യത്തെ അന്വർഥമാക്കുന്ന രാഷ്ട്രങ്ങളും ഭരണകൂടങ്ങളും ഇന്ന് നിലവിലുണ്ട്. അതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണ് ഇസ്രയേൽ. ഞങ്ങൾ മാത്രമാണ് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർ, ഞങ്ങൾ ദൈവത്തിന്റെ മക്കളും സ്വന്തക്കാരുമാണെന്ന തീവ്ര വംശീയതയാണ് ആ രാഷ്ട്ര രൂപവത്കരണത്തിന്റെ അടിസ്ഥാനാധാരം. അവരല്ലാത്തവരെല്ലാം നിന്ദ്യരും അഭിശപ്തരുമാണെന്ന് അവർ വിശ്വസിക്കുന്നു. ഒട്ടു മിക്ക ഗവൺമെന്റുകളുടെയും പ്രതിനിധികളുള്ള മറ്റൊരു മതരാഷ്ട്രമാണ് വത്തിക്കാൻ. ക്രൈസ്തവ മതതത്ത്വങ്ങളുടെ വെളിച്ചത്തിൽ പോപ്പ് നേരിട്ട് നിയന്ത്രിക്കുന്ന ഭരണമാണ് ആ രാജ്യത്തിന്റെ നന്മ തിന്മകൾ തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും. 'ഹിന്ദു രാഷ്ട്രം' എന്ന വാദമുന്നയിച്ചുകൊണ്ട് ഹിന്ദുത്വം സംസ്കാരമായി അംഗീകരിക്കുന്ന വർഗീയ ഫാഷിസ്റ്റുകളും മത ജാതീയ ചിന്തകൾ മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുന്ന മത രാഷ്ട്രവാദികളാണ്.

എന്നാൽ മതരാഷ്ട്രവാദം ഏറെ പ്രചാരം സിദ്ധിച്ച ഇക്കാലത്ത് ഈ പദം കൊണ്ട് തളക്കാൻ ശ്രമിക്കുന്നത് ഇത്തരം വാദങ്ങളെയോ അതുന്നയിക്കുന്നവരെയോ അല്ല. മറിച്ച്, ഇസ്‌ലാമിനെയും അതിന്റെ അടിസ്ഥാന തത്ത്വങ്ങളെയുമാണ്. ഇസ്‌ലാമിന്റെ ധാർമികവും സാമ്പത്തികവും രാഷ്ട്രീയവുമായ നിയമസംഹിതകൾ വ്യക്തിജീവിതത്തിലും സമൂഹഘടനയിലും നടപ്പിലാക്കാൻ ശ്രമിക്കുന്നവരെ തളച്ചിടാൻ വേണ്ടി സാമ്രാജ്യത്വ ശക്തികൾ പടച്ചുണ്ടാക്കിയ ഒരു പ്രയോഗമാണ് മതരാഷ്ട്രവാദം. വ്യക്തിജീവിതത്തിലെ ആരാധനാനുഷ്ഠാനങ്ങൾക്കപ്പുറം സാമൂഹിക ജീവിതത്തിൽ മതം ഇടപെടുന്ന സാഹചര്യം അപകടകരമാണെന്നും അത് എതിർക്കപ്പെടേണ്ടതാണെന്നുമാണ് മതരാ

ഷ്ട്ര വിഭജനം പ്രചരിപ്പിക്കുന്നവർ ഉദ്ദേശിക്കുന്നത്.

മതം സാമൂഹിക ജീവിതത്തിൽനിന്നും മാറ്റിനിർത്തപ്പെടേണ്ടതാണെന്ന വാദത്തോട് ഇസ്‌ലാമിന് യോജിക്കാൻ കഴിയില്ല. ഇസ്‌ലാമിന്റെ രാഷ്ട്രീയ ഉള്ളടക്കം ഖുർആനും സുന്നത്തും വ്യക്തമാക്കുന്നുണ്ട്. ഖുർആൻ സമർപ്പിക്കുന്ന അടിസ്ഥാന ധർമങ്ങൾ തന്നെ അതിന്റെ മികച്ച തെളിവുകളാണ്. ഒരു രാഷ്ട്രത്തിലെ പൗരന്മാർക്കിടയിൽ ഉണ്ടായിരിക്കേണ്ട സാമൂഹികനീതിയും അവസരസമത്വവും ഇസ്‌ലാമിന്റെ വളരെ പ്രധാനപ്പെട്ട തത്ത്വങ്ങളിലൊന്നാണ്. നിങ്ങൾ നീതിക്ക് വേണ്ടി നിലകൊള്ളുക എന്നും ഖുർആൻ പഠിപ്പിക്കുന്നത് അതുകൊണ്ടാണ്. ദുർബല വിഭാഗത്തിന്റെ അവകാശ സംരക്ഷണവും ഗൗരവമർഹിക്കുന്നതാണെന്ന് ഇസ്‌ലാം ഉദ്ബോധിപ്പിക്കുന്നു. ഭൂമിയിൽ എല്ലാവർക്കും അവരവരുടെ വിശ്വാസങ്ങൾ വെച്ചുപുലർത്തി സ്വതന്ത്രമായി ജീവിക്കാനുള്ള അവസരവും ഇസ്‌ലാം വകവെച്ചു നൽകുന്നുണ്ട്. മനുഷ്യന്റെ അഭിമാനവും സ്വത്തും ജീവനും വ്യക്തിത്വവും കളങ്കപ്പെടുത്തുന്ന അവകാശ നിഷേധങ്ങൾക്കെതിരെ നിലകൊള്ളുകയും ചെയ്യുന്നു. മനുഷ്യരുടെ പ്രശ്നങ്ങൾ ജനാധിപത്യ സ്വഭാവത്തിൽ കൂടിയാലോചനകളിലൂടെയാണ് പരിഹരിക്കേണ്ടതെന്നതും ഇസ്‌ലാമിന്റെ പൊതുതത്ത്വമാണ്.

മനുഷ്യരുടെ നന്മയാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. അതുകൊണ്ട് ദൈവഭയവും പരലോകബോധവും ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറയുന്നു. മനുഷ്യജീവിതം നന്നാക്കാനുള്ള ഏക മാർഗവും അതുതന്നെയാണ്. എന്റെ കർമങ്ങൾ പരലോകത്ത് ചോദ്യം ചെയ്യപ്പെടുമെന്ന ബോധത്തോടെ ജീവിക്കാനായാൽ അവന്റെ കർമങ്ങൾ സദ്കൃത്യമായി മാറുന്നു. ഇതൊക്കെയാണ് ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾ. എല്ലാവർക്കും അവരുടെ തത്ത്വസംഹിതകൾ കൊണ്ടു നടക്കാനും പ്രചരിപ്പിക്കാനും നമ്മുടെ രാജ്യത്ത് അവകാശമുണ്ട്. ഖുർആനിക മൂല്യങ്ങളും ഇസ്‌ലാമിന്റെ രാഷ്ട്രീയ ഉള്ളടക്കവും ഏറ്റവുമധികം ബോധ്യപ്പെടുത്തേണ്ട സന്ദർഭത്തിൽ അത് ചെയ്തുകൊണ്ടിരിക്കുന്നവർക്കെതിരെയാണ് 'മതരാഷ്ട്രവാദം' എന്ന ആരോപണം ഉന്നയിച്ച് മൗനികളാക്കാൻ ശ്രമിക്കുന്നത്. മുസ്‌ലിം സമൂഹത്തിൽ പെട്ട സംഘടനകളും പണ്ഡിതരും നേതാക്കളും ഇതേറ്റെടുക്കുന്നു എന്നതാണ് ഏറെ ഖേദകരം.

എല്ലാവർക്കും അവരവരുടെ തത്ത്വങ്ങൾ പൊതുസമൂഹത്തിൽ പ്രചരിപ്പിക്കാനും, അത് കൊള്ളാനും തള്ളാനുമുള്ള സ്വാതന്ത്ര്യം ജനങ്ങൾക്ക് വകവെച്ച് നൽകുകയും ചെയ്യുന്ന ജനാധിപത്യ സ്വഭാവമാണ് നമ്മുടെ സമൂഹത്തിലുണ്ടാകേണ്ടത്. ജനങ്ങൾ വിവേചനാധികാരവും ബുദ്ധിയും ഉപയോഗപ്പെടുത്തി ഈ തത്ത്വങ്ങളെ സ്വാഭാവികമായി സ്വീകരിക്കുമ്പോൾ അതിന് കൂടുതൽ സ്വാധീനമുണ്ടാകുമെന്ന് തീർച്ച. ■

*(തിരൂർ മസ്ജിദുസ്സ്വഫയിൽ 28.05.2010-ന് നടത്തിയ ഖുത്ബയുടെ സംഗ്രഹം)*